# നാടൻ മുളകും അമേരിക്കൻ പട്ടിയും

**രാജു മൈലപ്രാ**

**ഞ**ങ്ങളുടെ വീട്ടിൽ എന്റെ ചെറുപ്പകാലത്ത് ഒരു പട്ടിയുണ്ടായിരുന്നു. ഇക്കാലത്തെ പട്ടികൾക്കുള്ളതുപോലെ അവനു വേണ്ടി പ്രത്യേക സുഖസൗകര്യങ്ങളൊന്നും ആരും ഒരുക്കിയില്ല. നിറം വെള്ളയായിരുന്നു എന്നു ഞാനോർക്കുന്നു. കണ്ണുകളിൽ സദാ തങ്ങി നിൽക്കുന്ന നനവും. അതിനു ഒരു പേരു പോലും ആരും കൊടുത്തില്ല. അവൻ കേട്ടതിൽ കൂടുതലും 'ഛീ പോ പട്ടി' എന്ന വാക്കുകളാണ്. ഞങ്ങളുടെ വീട്ടിൽ അങ്ങനെ ഒരു പട്ടിയുള്ളതായി നാട്ടുകാർക്ക് അറിയില്ലായിരുന്നു. കാരണം രാത്രിയിലും പകലും എന്തു ഭൂകമ്പം ഉണ്ടായാലും അവൻ കുരയ്ക്കുകയില്ലായിരുന്നു. എന്തിനേറെ... നിലാവുള്ള രാത്രികളിൽ അവൻ മറ്റു പട്ടികളെപ്പോലെ ഒന്നു മോങ്ങുക പോലുമില്ലായിരുന്നു.

ഒരു ദിവസം അവൻ ഞങ്ങളുടെ വീടിനടുത്തുള്ള ഒരു ചെറിയ കുളത്തിൽ ചത്തുപൊങ്ങിക്കിടക്കുന്ന കാഴ്ചയാണ് കണ്ടത്. ആത്മഹത്യയാണോ, കൊലപാതകമാണോ എന്നൊന്നും ആരും തിരക്കാൻ പോയില്ല. ആ പട്ടി ചത്തതിന്റെ പേരിൽ വീട്ടിൽ ചർച്ചയൊന്നും നടന്നില്ല. ആർക്കും പ്രത്യേകിച്ച് വിഷമമൊന്നും തോന്നിയതുമില്ല.

*******

അമേരിക്കയിൽ വന്നപ്പോൾ റോഡിൽ പലതരം Sign Board-കൾ കണ്ടു. 'NO STANDING', 'NO STOPPING', 'DO NOT ENTER'- ഇതിന്റെയൊക്കെ അർത്ഥം അറിവുള്ളവരോടു ചോദിച്ചു മനസ്സിലാക്കി. എന്നാൽ ആർക്കും ശരിയായി അർത്ഥം പറഞ്ഞുതരാൻ പറ്റാതിരുന്ന ഒരു ബോർഡും ആ കൂട്ടത്തിലുണ്ടായിരുന്നു. 'CURB YOUR DOG' രാവിലെ വളർത്തുപട്ടികളുമായി നടക്കുന്ന സായിപ്പന്മാരെ കണ്ടപ്പോൾ, അവർ പട്ടിയെ പുല്ലു തീറ്റിക്കാൻ ഇറങ്ങിയതായിരിക്കും എന്നാണു ഞാൻ കരുതിയത്. കാരണം പട്ടികൾ പുല്ലു മണപ്പിച്ചാണു നടന്നിരുന്നത്. ഒരു പക്ഷെ അമേരിക്കൻ പട്ടികൾ പുല്ലു തിന്നുമായിരിക്കും എന്നു കരുതി ഞാൻ സമാധാനിച്ചു. 'ഗതികെട്ടാൽ പുലി പുല്ലും തിന്നും' എന്ന പഴഞ്ചൊല്ലുള്ള നാട്ടിൽ നിന്നുമാണല്ലോ എന്റെ വരവ്.

കുറെക്കാലം കഴിഞ്ഞാണ് 'നടപ്പാതയുടെ അരികിൽ മാത്രം പട്ടിയെ കാഷ്ഠിപ്പിക്കുക' എന്നോ മറ്റോ ആണ് അതിന്റെ ഏകദേശ അർത്ഥം എന്ന് ആരോ പറഞ്ഞു തന്നത്.

പിന്നീട് 'DO NOT CURB YOUR DOG HERE' എന്ന ബോർഡും കണ്ടു.

കാലം കുറേ കഴിഞ്ഞപ്പോൾ Poop law എന്നൊരു നിയമം നിലവിൽ വന്നു. പട്ടി വഴിയിൽ രണ്ടിനു പോയാൽ അതിന്റെ ഉടമസ്ഥൻ, പട്ടികാഷ്ഠം ഒരു ബാഗിലാക്കി ഗാർബേജിൽ ഇടണം- അല്ലെങ്കിൽ പിഴ അടയ്ക്കേണ്ടി വരും- ഇപ്പോൾ കൈയിലൊരു പ്ലാസ്റ്റിക്ക് ബാഗുമായിട്ടാണ് ആളുകൾ പട്ടിയെ നടത്താൻ കൊണ്ടുപോകുന്നത്.

അന്യഗ്രഹത്തിൽ നിന്നുള്ള ഏതെങ്കിലും ജീവികൾ ശക്തിയേറിയ ഒരു ടെലിസ്കോപ്പിലൂടെ നോക്കിയാൽ, അമേരിക്കയിലെ പട്ടികളാണു രാജാക്കന്മാരെന്നും, മനുഷ്യർ അവറ്റകളുടെ അടിമയാണെന്നു വിചാരിക്കും. അതിനവരെ കുറ്റം പറയാനൊക്കുകയില്ല. കാരണം പട്ടികളുടെ വിസർജ്ജം ചുമന്നു കൊണടു നടക്കേണ്ട ഗതികേടാണല്ലോ അമേരിക്കക്കാർക്ക്!

ഞങ്ങളുടെ അയൽവാസിയായ ഒരു മദാമ്മയ്ക്ക് ഈ ‘poop law’ ബാധകമല്ലെന്ന് തോന്നു. കാരണം ഞങ്ങളുടെ വീടിനു മുന്നിലെത്തുമ്പോഴാണ് മദാമ്മയുടെ പട്ടി ‘പൂപ്പു’ ചെയ്യുന്നത്. അതു വൃത്തിയാക്കാതെ പട്ടിയുമായി  അവർ തിരികെ പോകും. ഇക്കാരണം പറഞ്ഞ് അവരുമായി ഏറ്റു മുട്ടാനൊരു മടിയും പേടിയും. അവരുടെ പട്ടിയുടേതു തന്നെയാണ് വിസർജ്ജ വസ്തു എന്ന് ഡിഎൻഎ ടെസ്റ്റ് നടത്തി തെളിയിക്കുന്ന കാര്യമൊക്കെ പ്രയാസമാണ്.

ഏതായാലും ഇതിനൊരു അറുതി വരുത്തിയേ പറ്റൂ. എന്റെ കുരുട്ടുബുദ്ധിയുമായി ഞാൻ ആലോചിച്ചു. കഴിഞ്ഞ തവണ നാട്ടിൽ പോയപ്പോൾ, വെയിലത്തിട്ടു ഉണക്കി മില്ലിൽ പൊടിപ്പിച്ച, മായം ചേരാത്ത നല്ല എരിവുള്ള പിരിയൻ മുളകുപൊടി കൊണ്ടുവന്നിരുന്നു. ഭാര്യയോടു പോലും ആലോചിക്കാതെ, ഞാനതു കുറേയേറെ, പട്ടി കാര്യം സാധിക്കുന്നിടത്തു വാരി വിതറി.

അടുത്ത ദിവസം അതിരാവിലെ ഞാൻ ജനവിൽക്കൂടി പുറത്തേക്കു നോക്കിയിരുന്നു. ആറു മണിയായപ്പോൾ, മദാമ്മ ഒരു കുട്ടിനിക്കറുമിട്ട്, സിഗരറ്റും പുകച്ച് അരുമ പട്ടിയുമായി നടന്നു വരുന്നു. പതിവുപോലെ, എന്റെ വീടിനു മുന്നിലുള്ള പുൽത്തകിടിയിൽ പൃഷ്ഠമുറപ്പിച്ച പട്ടി, പത്തു സെക്കന്റു കഴിഞ്ഞപ്പോൾ, ഭയങ്കരമായി കുരച്ചുകൊണ്ടു മദാമ്മയുടെ നേർക്കൊരു ചാട്ടം. എന്നിട്ടു തെക്കോട്ടു വന്ന പട്ടി വടക്കോട്ടു ഒരോട്ടം. മദാമ്മ പിറകേ!

പിന്നീട് ആ ശല്യം ഇതുവരെ ഉണ്ടായിട്ടില്ല. പിരിയൻ മുളകിന്റെ ഒരു എരിവേ!

മലയാളിയുടെ അടുത്താ, മദാമ്മയുടെ കളി!

**************